സർക്കുലർ നമ്പർ: EB/198/2018

# സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ പരീക്ഷാ ബോർഡ്

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം - 673 636, ഫോൺ: (ചേളാരി) 0494 2401262, 2401263, 2400256. ഇ-മെയിൽ:** samasthalayam@gmail.com

**സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ പരീക്ഷാ ബോർഡിൽ നിന്നും മദ്റസാ മാനേജിംഗ് കമ്മിറ്റികളേയും മുഅല്ലിമീങ്ങളേയും അറിയിക്കുന്നത്.**

## 2019 പൊതുപരീക്ഷ

**2019 ഏപ്രിൽ 13, 14 (ശനി, ഞായർ)**, (1440 ശഅബാൻ 7, 8) തിയ്യതികളിൽ നടത്തുന്ന പൊതുപരീക്ഷക്ക് നിജപ്പെടുത്തിയ വിഷയങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| **അഞ്ചാം ക്ലാസ്:** | ١.قرءان، حفظ، ٢.فقه، ٣.أخلاق، ٤.تجويد ٥.تاريخ، ٦.عقيدة، ٧.لسان القرآن |
| **ഏഴാം ക്ലാസ്:** | ١.قرءان، حفظ، ٢.فقه، ٣.دروس الإحسان، ٤.تاريخ، ٥.لسان القرآن |
| **പത്താം ക്ലാസ്:** | ١.فقه، ٢.تفسير، ٣.أخلاق، ٤.لسان القرآن |
| **പ്ലസ്ടു ക്ലാസ്** | ١.فقه، ٢.تفسير، ٣.أخلاق، ٤.لسان القرآن |

അതത് ക്ലാസ്സുകളിലെ നിശ്ചിത ഫോറത്തിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ പൂരിപ്പിച്ച് സ്വദർ മുഅല്ലിം, ക്ലാസ് മുഅല്ലിം എന്നിവർ പേരും ഒപ്പും എം.എസ്.ആർ നമ്പറും, മദ്റസാ കമ്മിറ്റി സെക്രട്ടറി, റെയ്ഞ്ച് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ പേരും ഒപ്പും സീലും വെച്ച് **2018 നവംബർ 12 മുതൽ** ബോർഡ് ഓഫീസിൽ എത്തിക്കാവുന്നതാണ്. **ഡിസംബർ 6 വരെ ഫീസടക്കാത്തവരുടെ ഫീസ് മറുപുറം കാണിച്ച പ്രകാരം ഡിസംബർ 7 മുതൽ ഡിസംബർ 20** കൂടിയ തിയ്യതികളിൽ ഫീസ് സ്വീകരിക്കുന്നതാണ്. ആൺകുട്ടികളുടെ പേരുകൾ എഴുതിയതിനു ശേഷമേ പെൺകുട്ടികളുടെ പേര് എഴുതാവൂ. ഡിവിഷനുണ്ടെങ്കിൽ എല്ലാ ഡിവിഷനിലേയും ആൺകുട്ടികളെ എഴുതിയതിനു ശേഷം മാത്രമെ പെൺകുട്ടികളെ എഴുതുവാൻ പാടുള്ളൂ. ഫോറത്തിലുള്ള മുഴുവൻ കാര്യങ്ങളും പൂരിപ്പിക്കാത്തതു കൊണ്ടുണ്ടായേക്കാവുന്ന പ്രയാസങ്ങൾക്ക് ബോർഡ് ഉത്തരവാദിയാകുന്നതല്ല. **പരീക്ഷാ ഫീസ് 5,7,10,പ്ലസ്ടു ക്ലാസുകളിൽ കുട്ടി ഒന്നുക്ക് 150/- രൂപയും, വിദേശ രാജ്യങ്ങളിൽ കുട്ടി ഒന്നുക്ക് 600/- രൂപയും പ്രകാരമുള്ള സംഖ്യ ഓഫീസിൽ അടച്ചിരിക്കണം.**

MO അയക്കുകയാണെങ്കിൽ ഫോറത്തിൽ MO നമ്പർ ചേർക്കുകയും, MO യുടെ സന്ദേശ കോളത്തിൽ മദ്റസയുടെ പേരും വിലാസവും, അംഗീകരണ നമ്പറും എഴുതുകയും വേണം. ഫോറത്തോടൊപ്പം ഫീസ് ലഭിക്കാതിരിക്കുകയോ, ഫീസിനോടൊപ്പം ഫോറം ലഭിക്കാതിരിക്കുകയോ, ഫോറവും, MOയും ഒരേ വിലാസത്തിൽ അയക്കാതിരിക്കുകയോ ചെയ്താൽ പരീക്ഷക്ക് രജിസ്തർ ചെയ്യാൻ സാധിക്കുകയില്ല.

**നിശ്ചിത തിയ്യതിക്കു ശേഷം ഒരു മാസം (2019 ജനുവരി 20 കൂടി) ഒരു കുട്ടിക്ക് 75/- രൂപയും വിദേശങ്ങളിൽ 150/- രൂപയും സ്പെഷ്യൽ ഫീസോടുകൂടി സ്വീകരിക്കുന്നതാണ്. പത്തിൽ കുറഞ്ഞ അപേക്ഷാർത്ഥികളുള്ള മദ്റസകൾക്ക് സ്വന്തം സെന്റർ ലഭിക്കണമെങ്കിൽ ഫീസടക്കം ചെലവ് പരിഗണിച്ച് 1500/- രൂപയും വിദേശ രാജ്യങ്ങൾക്ക് 6000/- രൂപയും അടക്കണം. നിശ്ചിത തിയ്യതിയുടെ ശേഷമുള്ള ഒരു മാസക്കാലത്താണെങ്കിൽ 2250/- രൂപയും വിദേശ രാജ്യങ്ങൾക്ക് 7500/-രൂപയും അടക്കണം. പത്തിൽ കുറവുള്ള വിദ്യാർത്ഥികൾക്ക് സ്വന്തം സെന്ററിന് പണമടക്കാത്ത പക്ഷം സെന്ററാക്കാനുദ്ദേശിക്കുന്ന മദ്റസയുടെ (അതേ റെയിഞ്ചിലെ പൊതുപരീക്ഷാ സെന്ററുള്ള പത്ത് കുട്ടികൾ ഫീസടച്ച മദ്റസയായിരിക്കണം) അംഗീകരണ നമ്പറും, പേരും, സ്ഥലവും വ്യക്തമായി ഫോറത്തിന്റെ അടിയിൽ എഴുതേണ്ടതാണ്. എന്നാൽ മാത്രമേ പരീക്ഷക്ക് രജിസ്തർ ചെയ്യുകയുള്ളൂ.**

ഫോറത്തിൽ ഒപ്പുവെക്കുന്നതിന് മുമ്പ് കുട്ടികളും, മദ്റസാ റിക്കാർഡിലുള്ള കുട്ടികളും ശരിയാണോ, കോളങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്ന് ഒത്തു നോക്കി ബോധ്യം വരുത്തണം. പൊതുപരീക്ഷാ ക്ലാസുകളിലെ മുഅല്ലിംകളെ നിർബന്ധമായും സൂപ്രവൈസർ സേവനത്തിന് അയക്കേണ്ടി വരും. സാധിക്കാത്തപക്ഷം പ്രസ്തുത മദ്റസ പരീക്ഷക്ക് രജിസ്തർ ചെയ്യേണ്ടതില്ല. സൂപ്രവൈസർ സേവനത്തിൽ വീഴ്ച വരുത്തുന്ന മുഅല്ലിംകളുടെ സർവ്വീസ് രജിസ്തർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. പകരം ആളെ അയച്ച് കബളിപ്പിക്കുന്ന മുഅല്ലിമിന്റെ മദ്റസയിലെ പരീക്ഷാഫലം തടഞ്ഞു വെക്കുന്നതാണ്. അതുകൊണ്ടുണ്ടായേക്കാവുന്ന എല്ലാ കഷ്ട-നഷ്ടങ്ങൾക്കും മദ്റസാ കമ്മിറ്റിയും, മുഅല്ലിമും മാത്രം ഉത്തരവാദികളായിരിക്കും. 5,7,10,പ്ലസ്ടു ക്ലാസുകളിലെ ഫീസ് ഒരുമിച്ചാണ് അടക്കേണ്ടത്. പരീക്ഷ സംബന്ധമായ എല്ലാ എഴുത്തുകുത്തുകളും ചെയർമാന്റെ വിലാസത്തിൽ ആയിരിക്കണം.

**ഏഴാം ക്ലാസ് വിദ്യാർത്ഥികളുടെ ഫോറത്തിൽ അഞ്ചാം ക്ലാസിലെ സർട്ടിഫിക്കറ്റ് നമ്പറും, പത്താം ക്ലാസിലെ ഫോറത്തിൽ ഏഴാം ക്ലാസിലെ സർട്ടിഫിക്കറ്റു നമ്പറും, പ്ലസ്ടു ക്ലാസിലെ ഫോറത്തിൽ പത്താം ക്ലാസിലെ സർട്ടിഫിക്കറ്റ് നമ്പറും ചേർക്കേണ്ടതാണ്.**

## ഖുർആൻ പരീക്ഷ

1) **5, 7 ക്ലാസുകളിലെ ഖുർആൻ പരീക്ഷ മദ്റസാ കമ്മിറ്റി പ്രതിനിധിയുടെയും ഖിറാഅത്തിൽ പ്രാവീണ്യമുള്ള ഒരു അധ്യാപകന്റെയും സാന്നിദ്ധ്യത്തിൽ സൂപ്രവൈസർ നിശ്ചിത സമയത്ത് നടത്തേണ്ടതാണ്.**
2) **5, 7 ക്ലാസുകളിൽ ഖുർആൻ മുഴുവനാണ് പരീക്ഷക്ക് നിശ്ചയിച്ചിരിക്കുന്നത്. ഖുർആനിലെ ഏതെങ്കിലും ഭാഗത്തു നിന്ന് നാല് ആയത്തുകൾ വീതം കുട്ടികളെ കൂട്ടായി ഇരുത്തി ഓരോ കുട്ടിയെകൊണ്ടും മുസ്ഹഫിൽ നോക്കി ഓതിക്കണം. കൂടാതെ അഞ്ചാം ക്ലാസിൽ 'സൂറത്ത് യാസീനിൽ' നിന്നും, ഏഴാം ക്ലാസിൽ 'സൂറത്തുൽ വാഖിഅ'യിൽ നിന്നും രണ്ട് ആയത്തുകൾ വീതം മുസ്ഹഫ് നോക്കാതെയും ഓതിക്കണം.**
3) **പരീക്ഷക്ക് മാർക്ക് കണക്കാക്കേണ്ടത് ഉച്ചാരണ ശുദ്ധി (25), നിയമം (35), തുടക്കവും വിരാമവും (20), ശബ്ദ ഭംഗി, ശൈലി (20) എന്നീ ക്രമത്തിലാണ്. ഉച്ചാരണ ശുദ്ധിയില്ലാത്ത കുട്ടികൾക്ക് മറ്റൊന്നിലും മാർക്ക് നൽകുവാൻ പാടുള്ളതല്ല. 5, 7 ക്ലാസുകളിൽ മുസ്ഹഫ് നോക്കി ഓതുന്നതിന് (60), മനഃപാഠം ഓതുന്നതിന് (40) എന്നിങ്ങനെ 100 മാർക്ക് കണക്കാക്കി ഒന്നിച്ചു രേഖപ്പെടുത്തണം.**
4) **ഖുർആൻ പാരായണത്തിന് നിർവ്വാഹമില്ലാത്ത പെൺകുട്ടികളോട് 'അത്തഹിയ്യാത്ത്' ഓതിപ്പിച്ചു മാർക്കിട്ടാൽ മതി. ഹാജരുള്ള കുട്ടികളുടെ പേരിന് നെരെ "X" എന്നും, ഹാജരില്ലാത്ത കുട്ടികളുടെ പേരിന് നെരെ "A" എന്നുമാണ് രേഖപ്പെടുത്തേണ്ടത്.**
5) **ഹാജർ പട്ടികയിലെ നിശ്ചിത കോളത്തിൽ വർഷാരംഭം മുതൽ ഇതെ വരെയുള്ള ആകെ ഹാജർ ചേർക്കേണ്ടതാണ്. ഓരോ കുട്ടിയുടെയും ആകെ ഹാജർ ചേർക്കാൻ സുപ്രവൈസർമാർക്ക് സൗകര്യം ചെയ്തു കൊടുക്കണം. ഹാജർ പട്ടികയും ഖുർആൻ മാർക്ക് ലിസ്റ്റും സൂപ്രവൈസർമാരുടെ പേരും ഒപ്പും ഫോൺ നമ്പറും രേഖപ്പെടുത്തി സൂപ്രണ്ട് വശം ഏൽപിക്കേണ്ടതാണ്.**

(മറുപുറം......)

## പ്രത്യേക ശ്രദ്ധക്ക്

- ഫോറം അയച്ചതിനു ശേഷം യാതൊരു കാരണവശാലും കൂട്ടിച്ചേർക്കലോ, മാറ്റം വരുത്തലോ അനുവദിക്കുന്നതല്ല.
- യതീംഖാനയിൽ പഠിക്കുന്ന അനാഥ കുട്ടികൾക്ക് മാത്രം ഫീസ് ഇളവ് ചെയ്തിരിക്കയാൽ ഫീസ് സംഭാവനയായി ലഭിച്ചു എന്നതിനുള്ള യതീംഖാന രശീതി ഫോറത്തോടൊപ്പം അയക്കണം. രശീതി ഇല്ലാത്തതും നിശ്ചിത തിയ്യതിക്ക് ശേഷവും ഫീസ് ഇളവ് ചെയ്യുകയില്ല.
- ഹനഫി, അറബിക് – തമിഴ്, ഉറുദു ഭാഷയിൽ പരീക്ഷ എഴതുന്നവരുടെ എണ്ണം ഫോറത്തിലെ കോളത്തിൽ പ്രത്യേകം എഴുതണം.
- അറബിയിലോ, അറബി – മലയാളത്തിലോ, അറബി തമിഴിലോ, ഉറുദുവിലോ ഉത്തരമെഴുതണം.
- രണ്ടാം വർഷക്കാരേയും, ഓറൽ പരീക്ഷയും ടോപ്പ് പ്ലസ് മാർക്കിനും, അവാർഡിനും പരിഗണിക്കുന്നതല്ല.
- പ്രൈവറ്റായി പഠിച്ച വിദ്യാർത്ഥികളെ പൊതുപരീക്ഷയിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല.
- റാങ്കിന് പകരം ഓരോ വിഷയത്തിനും 97 ശതമാനവും അതിന് മുകളിലും മാർക്ക് ലഭിക്കുന്നവർക്ക് 'ടോപ് പ്ലസ്' () പദവി നൽകുന്നതാണ്. ഓരോ വിഷയത്തിനും 80 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് ഡിസ്റ്റിംഗ്ഷനും, 60 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് ഫസ്റ്റ് ക്ലാസും, 50 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് സെക്കന്റ് ക്ലാസും ലഭിക്കുന്നതാണ്. ഓരോ വിഷയത്തിനും 30 ശതമാനം മാർക്ക് ലഭിച്ചവരെ മാത്രമെ വിജയിയായി പരിഗണിക്കുകയുള്ളൂ.
- 2019 – ലെ പൊതുപരീക്ഷയിൽ 5, 7, 10, പ്ലസ്ടു ക്ലാസുകളിൽ ഒരു വിഷയത്തിൽ മാത്രം പരാജയപ്പെടുകയോ പങ്കെടുക്കാൻ കഴിയാതെ വരികയോ ചെയ്ത വിദ്യാർത്ഥികൾക്ക് "സേ" പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

## 2019ലെ പൊതുപരീക്ഷാ സമയവിവരം

| | | | | |
|---|---|---|---|---|
| അഞ്ചാം ക്ലാസ് | 13/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | ഫിഖ്ഹ് |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | ലിസാനുൽഖുർആൻ – തജ്‌വീദ് |
| | | ഉച്ചക്കു ശേഷം | 02.00 മുതൽ 04.00 വരെ | ഖുർആൻ, ഹിഫ്ള് |
| | 14/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | അഖീദ |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | താരീഖ് – അഖ്‌ലാഖ് |

| | | | | |
|---|---|---|---|---|
| ഏഴാം ക്ലാസ് | 13/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | ലിസാനുൽഖുർആൻ |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | ദുറൂസുൽ ഇഹ്സാൻ |
| | | ഉച്ചക്കു ശേഷം | 02.00 മുതൽ 04.00 വരെ | ഖുർആൻ, ഹിഫ്ള് |
| | 14/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | ഫിഖ്ഹ് |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | താരീഖ് |

| | | | | |
|---|---|---|---|---|
| പത്താം ക്ലാസ് | 13/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | അഖ്‌ലാഖ് |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | ഫിഖ്ഹ് |
| | 14/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | തഫ്സീർ |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | ലിസാനുൽഖുർആൻ |

| | | | | |
|---|---|---|---|---|
| പ്ലസ്ടു ക്ലാസ് | 13/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | തഫ്സീർ |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | അഖ്‌ലാഖ് |
| | 14/04/2019 | രാവിലെ | 08.00 മുതൽ 10.00 വരെ | ലിസാനുൽഖുർആൻ |
| | | രാവിലെ | 11.00 മുതൽ 01.00 വരെ | ഫിഖ്ഹ് |

**2018 ഡിസംബർ 6 വരെ പൊതുപരീക്ഷാ ഫീസ് അടക്കാത്തവരുടെ ഫീസ് സ്വീകരിക്കുന്നതിന് നിശ്ചയിച്ച തിയ്യതിയും, ജില്ലകളും:**

2018 ഡിസംബർ 7, 8 ദക്ഷിണകന്നട, ബാംഗ്ലൂർ, മൈസൂർ, ചിക്മാംഗ്ലൂർ, മംഗലാപുരം, ഹാസൻ, കുടക്, പോണ്ടിച്ചേരി, കാസർഗോഡ്, കണ്ണൂർ / ഡിസംബർ 10, 11 :നീലഗിരി, വയനാട്, കോഴിക്കോട് / ഡിസംബർ 12, 13, 14: മലപ്പുറം / ഡിസംബർ 15, 17: തൃശൂർ, പാലക്കാട്, കോയമ്പത്തൂർ/ ഡിസംബർ: 18, 19 എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, കൊല്ലം, തിരുവനന്തപുരം, കന്യാകുമാരി/ ഡിസംബർ 20: യു.എ.ഇ., ബഹ്റൈൻ, ഒമാൻ, കുവൈത്ത്, ഖത്തർ, സഊദിഅറേബ്യ, മലേഷ്യ, ലക്ഷദ്വീപ്, അന്തമാൻ, മഹാരാഷ്ട്ര തുടങ്ങിയവ മുകളിൽ കാണിച്ച ജില്ലകളിൽ നിന്നുള്ള പരീക്ഷാ ഫീസ് മാത്രമേ അതാത് തിയ്യതികളിൽ സ്വീകരിക്കുകയുള്ളൂ.

**മുകളിൽ കാണിച്ച പ്രകാരം ഫീസ് സ്വീകരിക്കുന്ന അവസാന തിയ്യതി 2018 ഡിസംബർ 20**

**NB: പൊതുപരീക്ഷ ഉത്തരപേപ്പറുകളിലെ അക്ഷരതെറ്റുകൾക്ക് മാർക്ക് കുറക്കുന്നതാണ്**

ചേളാരി
15/07/2018

ചെയർമാൻ (ഒപ്പ്)
*(സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ പരീക്ഷാ ബോർഡ്)*

**(ഈ സർക്കുലർ ഫയലിൽ സൂക്ഷിക്കേണ്ടതാണ്)**